പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 186** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>മഞ്ചേരി മെഡിക്കൽ കോളേജ് ക്രിട്ടിക്കൽ കെയർ ബ്ലോക്ക് നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. റഹ്മത്തുള്ള ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** മഞ്ചേരി ഗവ. മെഡിക്കൽ കോളേജിൽ നാഷണൽ ഹെൽത്ത് മിഷന്റെ (NHM - PM ABHIM) കീഴിൽ നിർമ്മിക്കുന്ന അത്യാധുനിക ക്രിട്ടിക്കൽ കെയർ ബ്ലോക്കിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ;

**<u>മറുപടി:</u>** മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയോടനുബന്ധിച്ച് നിർമ്മാണം പുരോഗമിക്കുന്ന ക്രിട്ടിക്കൽ കെയർ ബ്ലോക്ക് കെട്ടിടത്തിന്റെ 77% പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്. ഘടനാപരമായ പ്രവർത്തികൾ, ബ്ലോക്ക് വർക്ക്, കെട്ടിടത്തിന്റെ അകത്തെയും പുറത്തെയും പ്ലാസ്റ്ററിംഗ് പ്രവൃത്തിൾ എന്നിവയാണ് പൂർത്തിയായിട്ടുള്ളവ. നിലവിൽ ടൈലിംഗ്, ഗ്രാനൈറ്റ്, അലൂമിനിയം വാതിലുകളും ജനലുകളും സ്ഥാപിക്കൽ, പ്ലബിംഗ്, പ്രൈമർ വർക്ക് ഇലക്ട്രിക്കൽ കണ്ട്യൂട്ട് കേബിൾ ട്രേ എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികളും പുരോഗതിയിലാണ്. അഗ്നിശമന സംവിധാനത്തിനാവശ്യമായ സാമഗ്രികൾ സൈറ്റിൽ ലഭ്യമായിട്ടുണ്ട്. Fire NOC ലഭിക്കുന്നതിനായുള്ള പ്രാഥമിക പരിശോധന പൂർത്തിയായിട്ടുണ്ട്. അഗ്നിശമന സംവിധാനം, ലിഫ്റ്റ്, എയർ കണ്ടീഷനിംഗ് (AC) എന്നിവ അടക്കം ടി കെട്ടിടത്തിന്റെ മുഴുവൻ പ്രവൃത്തികളും 31-12-2026- നകം പൂർത്തിക്കരിക്കുവാൻ വേണ്ട എല്ലാ നടപടികളും ഇതിനോടകം സ്വീകരച്ചിട്ടുണ്ട്.

**(ബി)** പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്നും പദ്ധതിയുടെ മേൽനോട്ട ചുമതലയും നിർമ്മാണ ചുമതലയും ഏതെല്ലാം ഏജൻസികൾക്കാണെന്നും വ്യക്തമാക്കുമോ;

**<u>മറുപടി:</u>** മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയോടനുബന്ധിച്ച് ക്രിട്ടിക്കൽ കെയർ ബ്ലോക്ക് നിർമ്മാണത്തിന് പ്രൈം മിനിസ്റ്റേഴ്സ് ആയുഷ്മാൻ ഭാരത് പദ്ധതി (PM-ABHIM) പ്രകാരം ആകെ ₹23.75 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മേൽ പ്രവർത്തിയുടെ നിർമ്മാണ ചുമതല M/s KITCO യ്ക്കാണ്.

**മറ്റ് നിർമ്മാണ ചുമതലയുള്ള ഏജൻസികൾ ചുവടെ പറയുന്നവയാണ്.**

1. സിവിൽ & പ്ലംബിംഗ് പ്രവൃത്തികൾ : M/s ULCCS Ltd.

2. ഇലക്ട്രിക്കൽ പ്രവൃത്തികൾ : M/s Universal Electric Company

3.ELV വർക്കുകൾ : M/s Syama Dynamic Integrated Pvt Ltd.

4. ഫയർ & സേഫ്റ്റി വർക്കുകൾ : M/s TI John & Sons

5. ലിഫ്റ്റ് / എലിവേറ്റർ : M/s Infra Elevators India Pvt.Ltd.

6.HVACവർക്ക്സ് : Mark Air Particulate Control Systems

7. മെഡിക്കൽ ഗ്യാസ് പൈപ്പ് ലൈൻ സിസ്റ്റം (MGPS) : M/s Blaze Systems (KMSCL റേറ്റ് കോൺട്രാക്ട് പ്രകാരം)

8. മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കൽ : KMSCL (കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ്).

**(സി)** 24 സെന്റിൽ 45,000 ചതുരശ്ര അടി വിസ്തൃതിയിൽ നിർമ്മിക്കുന്ന 4 നില കെട്ടിടത്തിന്റെ സിവിൽ, ഇലക്ട്രിക്കൽ, ഫയർ സുരക്ഷാ പ്രവൃത്തികൾ ഉൾപ്പെടെ പൂർത്തിയാക്കാൻ നിർദ്ദേശിച്ചിട്ടുള്ള സമയപരിധി എന്നാണെന്നും പെൻഡിംഗ് ജോലികൾ പൂർത്തീകരിച്ച് എന്നത്തേക്ക് നാടിനു സമർപ്പിക്കാൻ സാധിക്കുമെന്നും വെളിപ്പെടുത്തുമോ;

**<u>മറുപടി:</u>** പ്രസ്തുത കെട്ടിടം 4 നിലകളിലല്ല, മറിച്ച് 3 നിലകളിലായി (Ground +2 Floors) ആകെ 35,000 ചതുരശ്ര അടി വിസ്തൃതിയിലാണ് വിഭാവനം ചെയ്ത് നിർമ്മിക്കുന്നത്. സിവിൽ, ഇലക്ട്രിക്കൽ, ഫയർ സുരക്ഷാ ജോലികൾ ഉൾപ്പെടെയുള്ള മുഴുവൻ അനുബന്ധ പ്രവൃത്തികളും 2027 ജനുവരി 7-നകം പൂർത്തിയാക്കി ഹാൻഡ് ഓവർ ചെയ്യണമെന്ന് നിർവ്വഹണ ഏജൻസികൾക്ക് കർശന നിർദ്ദേശം ഇതിനോടകം നൽകിയിട്ടുണ്ട്. അതിർത്തി തർക്കം പരിഹരിച്ച് സംരക്ഷണ ഭിത്തിയുടെയും ഫയർ ടാങ്കിന്റെയും പണികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ലക്ഷ്യമിട്ട സമയപരിധിക്കുള്ളിൽ തന്നെ കെട്ടിടം പൂർത്തീകരിച്ച് നാടിന് സമർപ്പിക്കാൻ സാധിക്കുന്നതാണ്.

ബ്ലോക്കിന്റെ സിവിൽ ഇലക്ട്രിക്കൽ ഫയർ സുരക്ഷ പ്രവൃത്തികൾ താഴെ പറയുന്ന പ്രകാരം പൂർത്തിയാകാൻ കഴിയുമെന്ന് നിർമ്മാണ ചുമതലയുള്ള M/s KITCO അറിയിച്ചിട്ടുണ്ട്

1. Civil & Water Supply Works -31 December 2026

2. Electrical Works (including Transformer and DG) -31 December 2026

3.ELV works - 7 December 2026

4.Fire & Safety works -15 December 2026

5. MGPS works -5 December 2026

6.Lift/Elevator (with inspection of Electrical inspectorate)-07 January 2027

**(ഡി)** പ്രസ്തുത കെട്ടിടത്തിന്റെ ചുറ്റുമതിൽ, ലാൻഡ്സ്കേപ്പിംഗ്, ഫർണിച്ചർ എന്നിവ ലഭ്യമാക്കുന്നതിനായി അധിക ഫണ്ട് വകയിരുത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

**<u>മറുപടി:</u>** ക്രിട്ടിക്കൽ കെയർ ബ്ലോക്കിൽ നിലവിലെ കരാർ പ്രകാരം KITCO യുടെ നിർമ്മാണ പരിധിയിൽ (Scope of Works) ഉൾപ്പെട്ടിട്ടില്ലാത്ത ഫർണിച്ചർ, മലിനജല ശുദ്ധീകരണ പ്ലാന്റ് (STP), മോഡുലാർ ഓപ്പറേഷൻ തിയേറ്ററുകൾ (Modular OTs), ഡയാലിസിസ് RO Plant, സംരക്ഷണ ഭിത്തി (Retaining Wall), ലാൻഡ്സ്കേപ്പിംഗ്, ഇന്റർലോക്കിംഗ്, ചുറ്റുമതിൽ, ഗേറ്റ്, ഡ്രെയിനേജ് സിസ്റ്റം, എന്നി പ്രവൃത്തികൾക്കായി അധിക തുക ആവശ്യമായി വരുന്ന പക്ഷം ആയത് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**